**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5** **22-02-2022 - ൽ മറുപടിയ്ക്ക്**

**പെൻഷൻ പ്രായം ഏകീകരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. എം.കെ . മുനീർ | | Shri. Pinarayi Vijayan<br>(മുഖ്യമന്ത്രി) | |
| (എ) | സംസ്ഥാനത്ത് സർക്കാർ ജീവനക്കാരുടെ വിരമിക്കൽ പ്രായം എത്രയാണ്; ഇനം തിരിച്ചുള്ള വിശദവിവരം ലഭ്യമാക്കുമോ; | (എ) | സംസ്ഥാന സർക്കാർ ജീവനക്കാരുടെ നിർബന്ധിത വിരമിക്കൽ പ്രായം താഴെപ്പറയുന്നവ ഒഴിച്ച് 56 വയസ്സായി നിജപ്പെടുത്തിയിട്ടുണ്ട്. 1) കേരള ജുഡീഷ്യൽ സർവ്വീസ് അഥവാ കേരള സ്റ്റേറ്റ് ഹയർ ജുഡീഷ്യൽ സർവ്വീസ് -60 വയസ്സ് 2)വ്യാവസായിക ട്രൈബ്യൂണൽ-60വയസ്സ് 3) വിജിലൻസ് ട്രൈബ്യൂണൽ- 62 വയസ്സ് 4) 07.04.1970 തീയതി പ്രാബല്യത്തിൽ സേവനത്തിലുള്ള ലാസ്റ്റ് ഗ്രേഡ് ജീവനക്കാരൻ (ടി ആനുകൂല്യം ടി ഉദ്യോഗസ്ഥൻ ലാസ്റ്റ് ഗ്രേഡ് സേവനത്തിൽ തുടരുന്ന കാലയളവിൽ മാത്രമേ ലഭ്യമാകൂ)-60 വയസ്സ് 5) 07.04.1970-ന ശേഷം സംസ്ഥാന സർക്കാർ സേവനത്തിൽ നിയമിതരായ 07.04.1970-ന മുമ്പ് സൈനിക സേവനത്തിലിരുന്ന വിമുക്തഭടന്മാർ- 60 വയസ്സ് 6) ആരോഗ്യ സേവന വകുപ്പിലെ കുഷ്ഠരോഗാശുപത്രികളിൽ ആശുപത്രി അറ്റൻഡന്റ് ഗ്രേഡ് II തസ്തികയിൽ നിയമിതരായ രോഗികളായ ജീവനക്കാർ- 60 വയസ്സ് 7) മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിലെ ഡോക്ടർമാർ- 62 വയസ്സ് 8) ആരോഗ്യ വകുപ്പിലെ ഡോക്ടർമാർ-60 വയസ്സ് 9)ദേശീയ പെൻഷൻ പദ്ധതിയിൽ അംഗങ്ങളായ 01.04.2013 തീയതിക്കോ അതിനു ശേഷമോ സർക്കാർ സേവനത്തിൽ നിയമിതരായ ജീവനക്കാർ- 60 വയസ്സ് 10) ഇൻഷ്വറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പിലെ അലോപ്പതിക് ഡോക്ടർമാർ-60 വയസ്സ് 11) ഗവൺമെന്റ് നഴ്സിംഗ് കോളേജുകളിലെ അദ്ധ്യാപക ജീവനക്കാർ-60 വയസ്സ് 12) ഗവൺമെന്റ് മെഡിക്കൽ കോളേജുകളിലെ മെഡിക്കൽ ഇതര അദ്ധ്യാപക ജീവനക്കാർ-60 വയസ്സ് 13) ഫാർമസി കോളേജുകളിലെ അദ്ധ്യാപക ജീവനക്കാർ- 60 വയസ്സ് 14) ഹോമിയോ മെഡിക്കൽ കോളേജുകളിലെ അദ്ധ്യാപക ജീവനക്കാർ-60 വയസ്സ് 15) സർക്കാർ ദന്തൽ കോളേജുകളിലെയും |

| | | | |
|---|---|---|---|
| | | | മെഡിക്കൽ കോളേജുകളിലെ ദന്തൽ വിഭാഗങ്ങളിലെയും ഡോക്ടർമാർ -62 വയസ്സ് 16)ആയുർവേദ കോളേജുകളിലെ അദ്ധ്യാപക ജീവനക്കാർ-60 വയസ്സ് 17) ഇൻഷ്വറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പിലെ ഡന്റൽ സർജൻമാർ- 60 വയസ്സ് |
| (ബി) | പെൻഷൻ പ്രായം ഏകീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കാമോ? | (ബി) | പെൻഷൻ പ്രായം ഏകീകരിക്കുന്ന വിഷയം നിലവിൽ സർക്കാരിന്റെ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ